ദേശീയപാത നിർമാണത്തിന് മണ്ണെടുക്കുന്ന ചേലൂർ കുന്ന്.

ദേശീയപാത നിർമാണത്തിന് മണ്ണെടുപ്പ്; മറ്റം വാക റോഡിൽ അപകടങ്ങൾ പതിവാകുന്നു

പാവറട്ടി: മറ്റം വാക റോഡിൽ അപകടങ്ങൾ പതിവാകുന്നു. അടുത്തിടെ ബിഎംസി ടാറിങ് പൂർത്തീകരിച്ച റോഡിൽ നിരന്തരം അപകടങ്ങൾ ഉണ്ടാകുകയാണ്. ദേശീയപാത നിർമാണത്തിന് മണ്ണ് കൊണ്ടുപോകുന്ന ടോറസിൽ നിന്നു മണ്ണുകൾ വീണ് ചേലൂർ മുതൽ അഞ്ചു കിലോമീറ്റർ ദൂരത്തോളം തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നതായി നാട്ടുകാർ പറയുന്നു. ചേലൂർ കുന്ന് പ്രദേശത്തു മണ്ണെടുപ്പ് വ്യാപകമായി നടക്കുകയാണ്. രാത്രിയെന്നോ, പകലെന്നോ വ്യത്യാസമില്ലാതെ നാട്ടിൽ ജനങ്ങളെ മുഴുവൻ ബുദ്ധിമുട്ടിക്കുന്ന രീതിയിലാണ് മണ്ണടുപ്പ് നടക്കുന്നത്. നാട്ടുകാരുടെ നിരന്തര പ്രതിഷേധം കാരണം ഒരു തൊഴിലാളിയെ പണിക്ക് നിർത്തി റോഡിൽ വീണ മണ്ണുകട്ടകൾ നീക്കം ചെയ്യുകയാണ്.

പൊടി ശല്യം കാരണം പരിസരത്തെ വീടുകളിലുള്ളവർ മാസ്ക് വെച്ചാണ് കഴിയുന്നത്. വയസായവരും രോഗികളും ഇത് കാരണം ദുരിതമനുഭവിക്കുകയാണ്. പൊലീസ് അനുമതിയോടെ കൊണ്ടുപോകുന്ന മണ്ണായതിനാൽ ആരും എതിർക്കില്ലെന്ന ദാർഷ്ട്യമാണ് മണ്ണ് കോൺട്രാക്റ്റർമാർ ജനങ്ങളോട് കാണിക്കുന്നത്. എത്രയും പെട്ടന്ന് അധികാരികൾ ഇടപെട്ട് ജനങ്ങളുടെ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് എളവള്ളി മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് പ്രസാദ് വാക ആവശ്യപ്പെട്ടു.

അങ്കണവാടി ഉദ്ഘാടനം

ഇരിങ്ങാലക്കുട : മുൻ എംപി ടി.എൻ പ്രതാപന്റെ എംപി ഫണ്ട് ഉപയോഗിച്ച് കുന്നുമ്മൽക്കാട്ടിൽ നിർമിച്ച അങ്കണവാടി കെട്ടിടം വേളൂക്കര പഞ്ചായത്ത് പ്രസിഡന്റ് ധനീഷ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജൻസി ബിജു അധ്യക്ഷത വഹിച്ചു. ടി.എൻ പ്രതാപൻ മുഖ്യാതിഥിയായി. പഞ്ചായത്ത് മെമ്പർ യൂസഫ് കൊടകരപറമ്പിൽ, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പ്രതിപക്ഷ നേതാവ് അഡ്വ.ശശികുമാർ ഇടപ്പുഴ പ്രസംഗിച്ചു.

സൗജന്യ കണ്ണട വിതരണം

ചാലക്കുടി: ടൗൺ റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൗജന്യ കണ്ണട വിതരണവും കണ്ണു പരിശോധനയും സംഘടിപ്പിച്ചു. സനീഷ് കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ടൗൺ റോട്ടറി ക്ലബ് പ്രസിഡന്റ് പി. ഡി ദിനേശ് അധ്യക്ഷത വഹിച്ചു. സൈറ്റ് സേവേഴ്സ് ഇന്ത്യയുടെ നേതൃത്വത്തിൽ പരിയാരം പഞ്ചായത്തിലെ ഡ്രൈവർമാർക്കു നേത്ര പരിശോധനയും സൗജന്യ കണ്ണട വിതരണവും നടത്തി. പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മായ ശിവദാസ് മുഖ്യാതിഥിയായി. വാർഡ് മെമ്പർ സിനി ലോനപ്പൻ കണ്ണട വിതരണോദ്ഘാടനം നിർവഹിച്ചു. റോട്ടറി ക്ലബ് സെക്രട്ടറി അഡ്വ.കുഞ്ഞുമോൻ, എക്സി.സെക്രട്ടറി അനീഷ് കുഞ്ഞപ്പൻ, അഡ്വ.സുനിലൻ കളരിക്കൽ, വിപിൻ വിജയൻ, പ്രസംഗിച്ചു.

പുത്തൻചിറയിൽ നെൽകൃഷി നശിച്ചു കർഷകർ ദുരിതത്തിൽ

പുത്തൻചിറ പാടശേഖരത്തിലെ കൃഷി നശിച്ച നിലയിൽ.

മാള: പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ പാറപ്പെട്ട - കുറുങ്ങാപാടത്തെ നെൽ കൃഷി നശിച്ചതായി പരാതി. 90 ഏക്കറോളം പാടശേഖരത്തിൽ 70 ശതമാനം കർഷകർ പൊന്മണി വിത്താണ് കൃഷിയിറക്കിയിരിക്കുന്നത്.

കൊയ്ത്തിന് സമയമായപ്പോൾ 90 ശതമാനം പതിരും നെല്ല് ഉണങ്ങി കരിഞ്ഞാണ് വരുന്നത്. 20 ശതമാനം കർഷകർ കൃഷി ഇറക്കിയത് പൗർണമി വിത്താണ്. ഇവരുടെ കൃഷി കുഴപ്പമില്ലാതെ നല്ല നെല്ലായി നിൽക്കുന്നുണ്ട്. വായ്പയെടുത്തും കടം വാങ്ങിയും കൃഷി ചെയ്ത കർഷകർ എന്തു ചെയ്യണമെന്നറിയാതെ ദുരിതത്തിലാണ്. പുത്തൻചിറ കൃഷിഭവനിലെ കൃഷി അസി. പി.കെ.ബിജു, എം.എസ് ചിക്കു, ബിജു മോൻ എന്നിവർ കൃഷി സ്ഥലം സന്ദർശിച്ചു.

പാടശേഖര സമിതി പ്രസിഡന്റ് ഇ.എസ് ശശിധരൻ, സെക്രട്ടറി ഉല്ലാസ് വില്വാമംഗലത്ത് എന്നിവരും ഉണ്ടായിരുന്നു. പാടത്തെ വെള്ളം സാംപിൾ പരിശോധനയ്ക്കായി കൊണ്ടുപോയിട്ടുണ്ട്.

കൂടൽമാണിക്യം ക്ഷേത്രം കൗണ്ടറിൽ മുൻ ജീവനക്കാരന്റെ മോഷണം

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ക്ഷേത്രത്തിലെ കൗണ്ടറിൽ മോഷണം നടത്തിയ ജീവനക്കാരനെ കൈയ്യോടെ പിടികൂടിയെങ്കിലും ഇയാൾ ഓടി രക്ഷപ്പെട്ടു. കൗണ്ടറിൽ താൽക്കാലിക ജീവനക്കാരനായിരുന്ന അരുണാണ് മോഷണം നടത്തിയത്. കരാർ കാലാവധി തീർന്നതിനെ തുടർന്ന് ഇയാളെ കഴിഞ്ഞ സെപ്റ്റംബറിൽ പിരിച്ചു വിട്ടിരുന്നു. ക്ഷേത്രത്തിൽ നിവേദ്യം നടക്കുന്ന സമയത്ത് ഭക്തരെ പുറത്താക്കി നടയടക്കുമ്പോൾ പഴയ സ്റ്റാഫ് എന്ന പേരിൽ വടക്കേ നടയിലൂടെ അകത്ത് കയറി കൗണ്ടറിലേക്ക് ചാടി കടന്നാണ് ഇയാൾ മോഷണം നടത്തിയിരുന്നത്. അക്കൗണ്ട് ബുക്കുകളിൽ അധിക തുക എഴുതി ചേർത്ത് ഈ തുകയെടുത്ത് പോക്കറ്റിൽ വെക്കുന്നതാണ് ഇയാളുടെ രീതി. കണക്കുകൾ ടാലി ആകാതെ വരുന്നതോടെ കൗണ്ടറിൽ ഇരിക്കുന്നവർ തങ്ങളുടെ കൈയ്യിൽ നിന്നു കുറവുള്ള പൈസ എടുത്തു വെക്കും. മോഷണം പതിവായപ്പോൾ കൗണ്ടർ ജീവനക്കാർ മറഞ്ഞിരുന്ന് കള്ളനെ കയ്യോടെ പിടികൂടി. ക്ഷേത്രത്തിനകത്ത് വെച്ച് തന്നെ ഒന്നും ചെയ്യില്ലെന്ന് മനസിലായ ഇയാൾ കുതറി ഓടി രക്ഷപ്പെടുകയായിരുന്നു. ദേവസ്വം അഡ്മിനിസ്ട്രേറ്റർ പൊലീസിൽ പരാതി നൽകി. ഇതുവരെ എത്ര രൂപ മോഷണം പോയിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ലെന്നും അന്വേഷിച്ചു വരികയാണെന്നും അധികൃതർ പറഞ്ഞു.

ഭാഗവത ഗ്രന്ഥ ഘോഷയാത്രയ്ക്ക് സ്വീകരണം

വടക്കാഞ്ചേരി: വെങ്ങിണിശേരി നാരായണാശ്രമതപോവനവും പാർളിക്കാട് ഹിന്ദ് നവോത്ഥാന പ്രതിഷ്ഠാനും സംയുക്തമായി സംഘടിപ്പിക്കുന്ന 23-ാമത് പരമതത്ത്വസമീക്ഷാ സത്രത്തിന്റെ വേദിയിൽ സ്ഥാപിക്കാനുള്ള ഭാഗവത ഗ്രന്ഥം വഹിച്ചുള്ള ഘോഷയാത്രയെ സ്വാമി ഭൂമാനന്ദതീർഥ ആരതി ഉഴിഞ്ഞ് ആദ്യ ഹാരാർപ്പണം നടത്തി. സ്വാമി നിർവിശേഷാനന്ദതീർത്ഥ, സത്രസമിതി ട്രഷറർ ഐ.വിജയകുമാർ പങ്കെടുത്തു. നാരായണാശ്രമ തപോവനത്തിൽ നിന്നാരംഭിച്ച ഘോഷയാത്ര നാൽപതോളം കേന്ദ്രങ്ങളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയാണ് നൈമിഷാരണ്യത്തിലെത്തിയത്. സത്ര സമിതി ഭാരവാഹികളായ ഇ.ഉണ്ണികൃഷ്ണൻ, രാജൻ പാടൂക്കാട്, വി.സുരേഷ്കുമാർ, കെ. വി. രാധാകൃഷ്ണൻ, കെ.കെ. രാധാകൃഷ്ണൻ, പി.എം. ലാലു നേതൃത്വം നൽകി.

എംജി സർവകലാശാലയിൽ നിന്ന് സ്റ്റാറ്റിസ്റ്റിക്സിൽ ഡോക്ടറേറ്റ് നേടിയ മാള കാർമൽ കോളെജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസി. പ്രൊഫ. മീനു ജോസ്. പൂഞ്ഞാർ കുന്നോന്നി അറമത്ത് ജോസിന്റേയും ലില്ലിക്കുട്ടിയുടേയും മകളും എറണാകുളം മുല്ലക്കര ജോൺ എം.ബേബിയുടെ (കനറാ ബാങ്ക്) ഭാര്യയുമാണ്.

MANAPPURAM HOME FINANCE LTD.

മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

മുമ്പ് മണപ്പുറം ഹോം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്
CIN: U65923KL2010PLC039179, യൂണിറ്റ് 301-315, മൂന്നാം നില, എ വിംഗ്, കനകിയ വാൾ സ്ട്രീറ്റ്, അന്ധേരി-കുർള റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ-400093

ഡിമാൻഡ് നോട്ടീസ്

മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡിൻറെ അംഗീകൃത ഓഫീസർ, IV/470A (പഴയ) w/638A (പുതിയത്), മണപ്പുറം ഹൗസ്, വല്ലപ്പാട്, തൃശൂർ, കേരളം-680567 എന്ന വിലാസത്തിൽ ഞങ്ങളുടെ രജിസ്റ്റർ ചെയ്ത ഓഫീസും ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ ശാഖകളും ഉള്ളതിനാൽ ഇനിമുതൽ പരാമർശിക്കുന്നത് 'MAHOFIN' എന്ന നിലയിൽ, കമ്പനി ആക്ട്, 1956 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കമ്പനിയും, സെക്യൂരിറ്റൈസേഷനും പുനർനിർമ്മാണവും സെക്ഷൻ 2 ലെ ഉപവിഭാഗം (1) ഉപവകുപ്പിൻറെ (m) ഉപവകുപ്പിൻറെ (iv) അർത്ഥത്തിലുള്ള ഒരു ധനകാര്യ സ്ഥാപനവുമാണ്. സാമ്പത്തിക ആസ്തികളും സുരക്ഷാ താൽപ്പര്യ നിയമം നടപ്പിലാക്കലും. 2002 ഇനി മുതൽ ആക്റ്റ് എന്ന് വിളിക്കുന്നു) അറിയിപ്പ് നമ്പർ എസ്.ഒ. 2015 ഡിസംബർ 18-ന് 3466 (ഇ) ഗവ. ഇന്ത്യ, സാമ്പത്തിക സേവന വകുപ്പ്, ധനമന്ത്രാലയം, ന്യൂഡൽഹി, വാസയോഗ്യമായ യൂണിറ്റുകൾ നിർമ്മിക്കുന്നതിനും കൂടാതെ/അല്ലെങ്കിൽ വാങ്ങുന്നതിനുമായി ലോണുകൾ അഡ്വാൻസ് ചെയ്യുന്ന ബിസിനസ്സ് നടത്തുന്നു. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കോളം നമ്പർ 2-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ കടം വാങ്ങുന്നയാൾ / സഹ-വായ്പ എടുക്കുന്നവർ MAHOFIN-ൽ നിന്ന് വായ്പ ലഭിച്ച ചാർട്ട് പരാമർശിച്ചിരിക്കുന്നു, അതേസമയം MAHOFN SARFAESI നിയമത്തിന് കീഴിലുള്ള സുരക്ഷിത കടക്കാരനായതിനാൽ, പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് സെക്യൂരിറ്റി പലിശ (എൻഫോഴ്സ്മെൻറ്) ചട്ടങ്ങൾ 2002 ലെ റൂൾ 2 ഉപയോഗിച്ച് വായിച്ചു, ആവശ്യം ഉന്നയിച്ചു. നോട്ടീസ് തിയതി മുതൽ 60 ദിവസത്തിനകം നോട്ടീസുകളിൽ പറഞ്ഞിരിക്കുന്ന തുക കൂടുതൽ പലിശ സഹിതം തിരിച്ചടയ്ക്കാൻ താഴെപ്പറയുന്ന പ്രകാരം കടം വാങ്ങുന്നവർ / സഹ-വായ്പ എടുക്കുന്നവരെ വിളിക്കുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ അവരിൽ ചിലർക്ക് നോട്ടീസ് നൽകാൻ കഴിഞ്ഞില്ല. അതിനുപുറമെ, താഴെപ്പറയുന്ന പ്രസ്തുത കടം വാങ്ങുന്നവരുടെ വിവരങ്ങൾക്കായി, പ്രസ്തുത കടം വാങ്ങുന്നവരെ ഈ പൊതു അറിയിപ്പ് വഴി അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹ-വായ്പക്കാരന്റെ/ എൽഎൎഎൻ/ശാഖയുടെ പേര്	പലിശക്ക് കാരണമായ സെക്യൂരിറ്റി അസറ്റിന്റെ വിശദാംശങ്ങൾ	എൻപിഎ തിയതി	നോട്ടീസ് അയച്ച തിയതിയും കുടിശ്ശിക തുകയും
1	താര പി, ജയരാജൻ പി /MHL00350012833/ കോഴിക്കോട്	റി സർവെ നമ്പർ 188/2204ൽ 2.86 സെന്റ് (1.6188 ആർ) അളവു വരുന്ന ഭൂമി, (തണ്ടപ്പേർ 188/1576 ഡോക്യുമെന്റ്സ്), കൊടിയത്തൂർ പഞ്ചായത്ത്, കൊടിയത്തൂർ വില്ലേജ്, കോഴിക്കോട് താലൂക്ക്, കോഴിക്കോട് ജില്ല, നിയർ സെന്റ് ജൂഡ് ചാപ്പൽ, പി.ഒ. തോട്ടുമുക്കം ബി.ഒ, കേരള, പിൻ: 673639. കിഴക്ക്: പ്രൈവറ്റ് വഴി, പടിഞ്ഞാറ്: ഇടശേരി ആഗസ്തിയുടെ പ്രോപ്പർട്ടി, തെക്ക്: ബാലകൃഷ്ണന്റെ പ്രോപ്പർട്ടി, വടക്ക്: പഞ്ചായത്ത് റോഡ്.	20-11-2024	23-11-2024 & Rs.218856/-

അതിനാൽ, മുകളിൽ സൂചിപ്പിച്ചതുപോലെ, വായ്പക്കാരൻ / സഹ-വായ്പ എടുക്കുന്നവർക്ക് നോട്ടീസ് നൽകുന്നു, മൊത്തം തുക അടയ്ക്കാൻ അവരെ വിളിക്കുന്നു ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ, ബന്ധപ്പെട്ട കടം വാങ്ങുന്നയാൾ / സഹ-വായ്പ എടുക്കുന്നയാൾക്കെതിരെ മുകളിൽ കാണിച്ചിരിക്കുന്ന കുടിശ്ശിക തുക. പരാജയം മൊത്തം കുടിശ്ശിക തുക കൂടുതൽ പലിശ സഹിതം ബന്ധപ്പെട്ട കടം വാങ്ങുന്നയാൾ/സഹ-വായ്പക്കാരൻ അടയ്ക്കുന്നതിന്, MAHOFIN മുകളിൽ വിവരിച്ച പ്രകാരം സ്വത്തുക്കളിൽ സുരക്ഷാ താൽപ്പര്യം നടപ്പിലാക്കുന്നതിനായി u/s 13(4) എടുക്കാൻ പരിമിതപ്പെടുത്തിയിരിക്കുന്നു, സേവനത്തിനുള്ള നടപടികളും സ്വീകരിക്കുന്നു നിയമവും ഇവിടെ ഉണ്ടാക്കിയ ചട്ടങ്ങളും പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് രീതികളിൽ അറിയിപ്പ് മറ്റ് രീതികളിൽ അറിയിപ്പ്. തിയതിക്ക് മുമ്പ് ഏത് സമയത്തും MAHOFIN നടത്തിയ ചെലവുകൾ, ചാർജുകൾ, ചെലവുകൾ എന്നിവയ്ക്കൊപ്പം കുടിശ്ശികയുള്ള മുഴുവൻ തുകയും അടച്ചാൽ പ്രസ്തുത മോർട്ട്ഗേജ് വീണ്ടെടുക്കാനാകുമെന്ന് നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. SARFAESI നിയമത്തിലെ സെക്ഷൻ 13(8)-ൽ വിശദമാക്കിയിരിക്കുന്ന പ്രകാരം, പൊതു ലേലത്തിനായുള്ള അറിയിപ്പ് അല്ലെങ്കിൽ വിൽപ്പന വഴി കൈമാറ്റം ചെയ്യുന്നതിനുള്ള സ്വകാര്യ ഉടമ്പടി. SARFAESI നിയമത്തിൻറെ S- 13 (13) പ്രകാരം, വിൽപന, പാട്ടം അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ സുരക്ഷിതമായ സ്വത്തുക്കൾ കൈമാറ്റം ചെയ്യുന്നതിൽ നിന്നും കൂടാതെ/അല്ലെങ്കിൽ കൈകാര്യം ചെയ്യുന്നതിൽ നിന്നും നിങ്ങളെ ഇതിനാൽ തടഞ്ഞിരിക്കുന്നു.

തിയതി: 20.12.2024 സ്ഥലം: കോഴിക്കോട് ഒപ്പ് /- അംഗീകൃത ഓഫീസർ, മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

ഓട്ടിസം ബാധിതനായ അമ്പാടിക്ക് വീൽചെയർ നൽകി ലയൺസ് ക്ലബ്ബ്

തൃശൂർ: ഓട്ടിസം ബാധിതനായ ആറു വയസുകാരൻ അമ്പാടിക്ക് തൃശൂർ താലൂക്ക് പരാതി പരിഹാര അദാലത്തിലൂടെ വീൽചെയർ സമ്മാനിച്ചു.

മന്ത്രിമാരായ കെ.രാജനും ആർ.ബിന്ദുവും ചേർന്നാണ് അമ്പാടിക്ക് വീൽച്ചെയർ കൈമാറിയത്. ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡിസ്ട്രിക്റ്റ് ഗവർണർ ജെയിംസ് വളപ്പില യാണ് വീൽച്ചെയർ നൽകിയത്. കാഴ്ച പരിമിതിയുള്ള അമ്പാടി മറ്റു ശാരീരിക-മാനസിക ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്.

ഓട്ടിസം ബാധിതനായ അമ്പാടിക്ക് ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ ജെയിംസ് വളപ്പില, മന്ത്രിമാരായ കെ.രാജൻ, ആർ.ബിന്ദു എന്നിവർ ചേർന്ന് വീൽചെയർ സമ്മാനിക്കുന്നു.

അമ്പാടിയുടെ അച്ഛൻ മരോട്ടിച്ചാൽ സ്വദേശി ബിനു മകനായി കലക്റ്ററെ അദാലത്തിൽ സമീപിച്ചിരുന്നു. കലക്റ്റർ അർജുൻ പാണ്ഡ്യന്റെ ഇടപെടൽ മൂലം ലയൺസ് ക്ലബ്ബിന്റെ ഹ്യുമാനിറ്റേറിയൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയാണ് അമ്പാടിക്ക് വീൽചെയർ നൽകിയത്. ലയൺസ് ക്ലബ്ബിന്റെ പാലിയേറ്റിവ് കെയറിന്റെ ഭാഗമായി 250 വീൽചെയർ നൽകുന്ന പദ്ധതിയിലെ 100-ാമത് വീൽചെയറാണ് അമ്പാടിക്ക് നൽകിയതെന്ന് ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ ജെയിംസ് വളപ്പില പറഞ്ഞു. മേയർ എം.കെ വർഗീസ്, ജില്ലാ കലക്റ്റർ അർജുൻ പാണ്ഡ്യൻ, ഡെപ്യൂട്ടി മേയർ എം.എൽ റോസി, ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഹ്യുമാനിറ്റേറിയൻ പ്രോജക്റ്റ് കോർഡിനേറ്റർ അശോകൻ, അഡീഷനൽ ക്യാബിനറ്റ് സെക്രട്ടറി ബെന്നി നീലങ്കാവിൽ, റീജിയൺ ചെയർമാൻ സുമേഷ് പങ്കെടുത്തു.

എൻഎസ്എസ് കരയോഗം ഉദ്ഘാടനം

അന്തിക്കാട്: 1913-ാം നമ്പർ മണലൂർ എൻഎസ്എസ് കരയോഗത്തിന്റെ പുതിയ മന്ദിരം താലൂക്ക് യൂണിയൻ പ്രസിഡന്റും ഡയറക്ടർ ബോർഡ് അംഗവുമായ അഡ്വ.എ. സുരേശൻ ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് രാധാകൃഷ്ണൻ പട്ടിയിൽ അധ്യക്ഷത വഹിച്ചു.

മാക്സിലോഫേഷ്യൽ സർജറി അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു

തൃശൂർ: മുളങ്കുന്നത്തുകാവ് ഗവ. മെഡിക്കൽ കോളെജ് അത്യാഹിത വിഭാഗത്തിൽ പൂർണ സജ്ജമായ മാക്സിലോഫേഷ്യൽ സർജറി അത്യാഹിത വിഭാഗം മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ.എൻ.അശോകൻ ഉദ്ഘാടനം ചെയ്തു. ഡെന്റൽ കോളെജ് പ്രിൻസിപ്പൽ ഡോ.പി.എം.ഷമീന, മെഡിക്കോളെജ് ആശുപത്രി സൂപ്രണ്ട് ഡോ.രാധിക.എം, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ.സന്തോഷ്. പി.വി, എആർഎംഒ ഡോ.ഷിബി.ടി.ജി, എച്ച്ഒഡി ഡോ.കെ.ജയകുമാർ പങ്കെടുത്തു. വാഹനാപകടങ്ങളിലും വീണും മറ്റുമുള്ള അത്യാഹിതങ്ങളിൽ മുഖം, വായ ഉൾപ്പെട്ട അവയവങ്ങളിൽ ദ്രുത ചികിത്സ നൽകാനുള്ള സൗകര്യമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്.

ആർജെഡി പ്രവർത്തക കൺവെൻഷൻ

ഗുരുവായൂർ : ആർജെഡി നിയോജക മണ്ഡലം പ്രവർത്തക കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി യൂജിൻ മോറേലി ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് പി. ഐ.സൈമൺ അധ്യക്ഷനായി. ആർജെഡി അംഗത്വ വിതരണോദ്ഘാടനം ജില്ലാ പ്രസിഡന്റ് ജെയ്സൺ മാണി നിർവ്വഹിച്ചു. കിസാൻ ജനതാ സംസ്ഥാന ജനറൽ സെക്രട്ടറി റഹിം വീട്ടിപറമ്പിൽ, സാഹിത്യകാരൻ ഷാജു പുതൂർ, ടി.എൻ. മുകുന്ദൻ, എം.ജി.ജയരാജ്, എം.വി.അശ്വിൻ, കെ.ചന്ദ്രൻ പ്രസംഗിച്ചു. രാഷ്ട്രീയ ജനതാദൾ നിയോജക മണ്ഡലം പ്രസിഡന്റായി റഹിം വീട്ടിപറമ്പിലിനെ തെരഞ്ഞെടുത്തു.

വി.എ. മനോജ്കുമാർ സിപിഎം ഇരിങ്ങാലക്കുട ഏരിയാ സെക്രട്ടറി

ഇരിങ്ങാലക്കുട : സിപിഎം ഏരിയാ സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം സമാപിച്ചു. ഏരിയാ സെക്രട്ടറിയായി വി. എ മനോജ് കുമാറിനെ വീണ്ടും തെരഞ്ഞെടുത്തു. പ്രതിനിധി സമ്മേളനത്തിൽ 14 ലോക്കൽ കമ്മിറ്റികളിൽ നിന്നായി 33 പേർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി എം. എം വർഗീസ്, ജില്ലാകമ്മിറ്റി അംഗം മന്ത്രി ഡോ.ആർ.ബിന്ദു, ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളായ പി.കെ ഷാജൻ, കെ. കെ രാമചന്ദ്രൻ എംഎൽഎ, ഏരിയ സെക്രട്ടറി വി.എ മനോജ് കുമാർ, ടി.എസ് സജീവൻ പ്രസംഗിച്ചു. കെ.സി പ്രേമരാജൻ, കെ.എ ഗോപി, ടി.ജി ശങ്കരനാരായണൻ, എ.വി അജയൻ, സി.ഡി സിജിത്ത്, കെ.പി ജോർജ്ജ്, ലത ചന്ദ്രൻ, കെ.കെ സുരേഷ് ബാബു, ടി.എസ് സജീവൻ മാസ്റ്റർ, എം.ബി രാജു, ആർ. എൽ ശ്രീലാൽ, ജയൻ അരിമ്പ്ര, പി.കെ മനുമോഹൻ, ടി.പ്രസാദ്, ജോസ് ജെ ചിറ്റിലപ്പിള്ളി, ടി.വി വിജീഷ്, കെ.ജി മോഹനൻ, കെ.കെ വിനയൻ, കെ.വി മദനൻ, വത്സല ബാബു എന്നിവരാണ് ഏരിയാ കമ്മിറ്റി അംഗങ്ങൾ. ഇന്ന് വൈകീട്ട് നാലിന് ഠാണാവിൽ നിന്ന് റെഡ് വൊളന്റിയർ മാർച്ചും പ്രകടനവും ആരംഭിക്കും. ടൗൺ ഹാൾ അങ്കണത്തിൽ നടക്കുന്ന പൊതുസമ്മേളനം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പുത്തലത്ത് ദിനേശൻ ഉദ്ഘാടനം ചെയ്യും.

TATA

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

റെജി. ഓഫീസ്: 11-ാം നില, ടവർ-എ, പെനിൻസുലാ ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013, ബ്രാഞ്ച് വിലാസം: ഡോർ നം. 6/1002/P, 5-ആം നില, NH 17, സിറ്റി മാൾ, YMCA കണ്ണൂർ റോഡിന് എതിർവശത്ത്, കാലിക്കറ്റ്-673001

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റസ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്. സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെൻറ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വുവന്ന ചേർത്തു വായന പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

ലോൺ അക്കൗണ്ട് നമ്പർ. 21119842 & 21125255: M/s ഓറഞ്ച് മാട്രസ് കമ്പനി

ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡ് (ടി സി എൽ) കമ്പനി ആക്റ്റ് 1956-ലെ വ്യവസ്ഥകൾ പ്രകാരം ഒരു നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനിയാണെന്നും , ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് പെനിൻസുലാ ബിസിനസ് പാർക്ക്, ടവർ എ, 11-ാം നില, ഗണപത്റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ- 400013, എന്നതിൽ അതിൻറെ രജിസ്ട്രേഡ് ഓഫീസും , കൊച്ചിയിലെ മറ്റ് സ്ഥലങ്ങളിൽ ഒരു ബ്രാഞ്ച് ഓഫീസ് (ബ്രാഞ്ച്) ഗ്രൗണ്ട് ഫ്ലോർ, ജയിൻ ടവർ-II, എൻഎച്ച് 17, നിയർ ലുലു മാൾ, ഇടപ്പള്ളി, കൊച്ചി - 682024 ഉണ്ടെന്നും ഇതിനാൽ അറിയിക്കുന്നു .

കമ്പനി ആക്റ്റ്, 2013 (മുകളിൽ പറഞ്ഞ സ്കീം) നിറെ മറ്റ് ബാധകമായ വ്യവസ്ഥകൾ എന്നിവയോടൊപ്പം സെക്ഷൻ 230 മുതൽ 232 വരെയുള്ള വകുപ്പുകൾ പ്രകാരം ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും (TCFSL') ടാറ്റ ക്ലീൻടെക് ക്യാപിറ്റൽ ലിമിറ്റഡും (TCCL') ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് ,നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) മുംബൈ 24.11.2023 ലെ ഓർഡറുകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും , നിലവിൽ ട്രാൻസ്ഫെറർ കമ്പനികളുടെ , എല്ലാ പ്രോപ്പർട്ടികൾ, ആസ്തികൾ, അവകാശങ്ങൾ, ആനുകൂല്യങ്ങൾ, പലിശ, കടമകൾ, ബാധ്യതകൾ, ബാധ്യതകൾ, കരാറുകൾ, കരാറുകൾ, സെക്യൂരിറ്റികൾ എന്നിവയോടൊപ്പം 01.01.2024 പ്രകാരം പ്രസ്തുത ഓർഡറിനും സ്കീമിനും അനു